(ബി) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പരിഗണിക്കുന്നതാണ്.

രാമകൃഷ്ണന്റെ ചികിത്സാതുക തിരിച്ചുനൽകാൻ നടപടി

52 [4930] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചിട്ടിരിക്കുന്ന കാഷ്യൂ ഫാക്ടറികളിലെ തൊഴിലാളികളും ഉടമകളും ഇ.എസ്.ഐ. വിഹിതം അടയ്ക്കാത്തതിനാൽ പ്രസ്തുത തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുമോ എന്നറിയിക്കുമോ;

(ബി) ഫാക്ടറി തുറക്കുമ്പോൾ ഇ.എസ്. ഐ. വിഹിതം ഫാക്ടറി പൂട്ടിയ നാൾ മുതൽ കൊടുക്കേണ്ടതായി വരുമോയെന്ന് വെളിപ്പെടുത്തുമോ;

(സി) അപ്രകാരം കൊടുക്കേണ്ടതായി വരുമെങ്കിൽ പൂട്ടിയിട്ടിരിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ചികിത്സ നൽകുന്നതിന്റെ പേരിലുള്ള ചെലവ് ഇ.എസ്.ഐ. കോർപ്പറേഷൻ തിരിച്ചുനൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അടച്ചിട്ടിരിക്കുന്ന കൊല്ലം കേരളപുരം നജീം കാഷ്യൂ ഫാക്ടറിയിലെ തൊഴിലാളിയായ ശാന്തയുടെ ഭർത്താവ് ശ്രീ. രാമകൃഷ്ണന്റെ കാൻസർ ചികിത്സയ്ക്ക് ചെലവായ തുക ഇ. എസ്. ഐ. കോർപ്പറേഷനിൽനിന്ന് തിരിച്ചുനൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തിക്ക് ചികിത്സാ ചെലവ് തിരിച്ചു നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഫാക്ടറി അടഞ്ഞുകിടക്കുന്ന കാലയളവിൽ ഇ.എസ്.ഐ. വിഹിതം അടയ്ക്കാത്തതിനാൽ നിലവിലുള്ള നിയമപ്രകാരം ഇ.എസ്.ഐ. ആനുകൂല്യം നൽകാൻ നിർവ്വാഹമില്ല.

(ബി) തൊഴിലാളികൾക്ക് നൽകുന്ന/നൽകാനുള്ള കൂലിയിൽനിന്നുമാണ് തൊഴിലുടമകൾ ഇ.എസ്.ഐ. വിഹിതം അടയ്ക്കുന്നത്. അതിനാൽ ഫാക്ടറി അടച്ചിട്ടിരിക്കുന്ന കാലയളവിൽ ഇ.എസ്.ഐ. വിഹിതം അടയ്ക്കുകയോ പിന്നീട് ഈടാക്കുകയോ ചെയ്യാറില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly